നം.DDDKER/4900/2025-C1

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:02-12-2025

**സർക്കുലർ നം.69/2025**

വിഷയം:- ക്ഷീര വികസന വകുപ്പ് – ഡയറക്ടറേറ്റ് - ക്ഷീര സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്തതുമായ ക്ഷീര സഹകരണ സംഘങ്ങളുടെ 2026 കലണ്ടർ വർഷത്തെ അവധികളുടെ വിവരം പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

ക്ഷീര സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പടാത്തതുമായ ക്ഷീര സഹകരണ സംഘങ്ങളുടെ 2026 കലണ്ടർ വർഷത്തെ അവധികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2026 കലണ്ടർ വർഷത്തെ എല്ലാ ഞായറാഴ്ചകളും അതോടൊപ്പം ചുവടെ പറയുന്ന തീയതികളും അവധിയായിരിക്കുന്നതാണ്.

| | | | |
|---|---|---|---|
| 1 | ജനുവരി | 02 | മന്നം ജയന്തി |
| 2 | ജനുവരി | 26 | റിപ്പബ്ലിക് ദിനം |
| 3 | ഫെബ്രുവരി | 15 | മഹാ ശിവരാത്രി(ഞായറാഴ്ച) |
| 4 | മാർച്ച് | 20 | റംസാൻ |
| 5 | ഏപ്രിൽ | 03 | ദുഖ:വെള്ളി |
| 6 | ഏപ്രിൽ | 05 | ഈസ്റ്റർ(ഞായറാഴ്ച) |
| 7 | ഏപ്രിൽ | 14 | അംബേദ്കർ ജയന്തി |
| 8 | ഏപ്രിൽ | 15 | വിഷു |
| 9 | മേയ് | 01 | മെയ്ദിനം |
| 10 | മേയ് | 27 | ബക്രീദ് |
| 11 | ജൂൺ | 25 | മുഹറം |
| 12 | ആഗസ്റ്റ് | 12 | കർക്കിടക വാവ് |
| 13 | ആഗസ്റ്റ് | 15 | സ്വാതന്ത്ര്യ ദിനം |
| 14 | ആഗസ്റ്റ് | 25 | ഒന്നാം ഓണം/നബി ദിനം |
| 15 | ആഗസ്റ്റ് | 26 | തിരുവോണം |
| 16 | ആഗസ്റ്റ് | 28 | നാലാം ഓണം ശ്രീനാരായണ ഗുരു ജയന്തി/അയ്യൻകാളി ജയന്തി |
| 17 | സെപ്റ്റംബർ | 4 | ശ്രീകൃഷ്ണ ജയന്തി |
| | | | |

| | | | |
|---|---|---|---|
| 18 | സെപ്റ്റംബർ | 21 | ശ്രീനാരായണ ഗുരു സമാധി |
| 19 | ഒക്ടോബർ | 02 | ഗാന്ധി ജയന്തി |
| 20 | ഒക്ടോബർ | 20 | മഹാനവമി |
| 21 | ഒക്ടോബർ | 21 | വിജയദശമി |
| 22 | നവംബർ | 08 | ദീപാവലി |
| 23 | ഡിസംബർ | 25 | ക്രിസ്തുമസ് |

മഹാശിവരാത്രി, ഈസ്റ്റർ, എന്നീ പൊതു ഒഴിവുദിനങ്ങൾ ഞായറാഴ്ചയാണ് വരുന്നത്. ഞായറാഴ്ച പ്രവൃത്തി ദിവസമായിട്ടുള്ള ജീവനക്കാർക്ക് മറ്റൊരു ദിവസം അവധി വിനിയോഗിക്കാവുന്നതാണ്. 2026 വർഷത്തെ കലണ്ടർ പ്രകാരം സർക്കാർ അവധി പ്രഖ്യാപിച്ചിട്ടുള്ള അവധി ദിവസങ്ങളിൽ ഈ സർക്കുലർ നിർദ്ദേശത്തിലെ ഏതെങ്കിലും അവധി ദിനത്തിൽ മാറ്റം വരുകയാണെങ്കിൽ പ്രസ്തുത മാറ്റം ഈ അവധി കലണ്ടറിനും ബാധകമായിരിക്കുന്നതാണ്. പ്രാദേശികമായി ജില്ലാ ഭരണാധികാരികൾ പ്രഖ്യാപിക്കുന്ന അവധികളിന്മേൽ സംഘം ഭരണസമിതിയ്ക്ക് പാൽ വിതരണ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്തവിധം ജീവനക്കാർക്ക് അവധി അനുവദിയ്ക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

സംഘത്തിലെ എല്ലാ ജീവനക്കാർക്കും ആഴ്ചയിൽ ഒരു ദിവസം നിർബന്ധമായും ഭരണസമിതി അവധി അനുവദിക്കേണ്ടതാണ്. ഓരോ ജീവനക്കാരുടേയും ആഴ്ചയിലെ അവധി സംബന്ധിച്ച തീരുമാനം ഭരണസമിതിയോഗം ചേർന്ന് ഓരോ കലണ്ടർ വർഷത്തേക്കുമുള്ളത് തീരുമാനിക്കേണ്ടതാണ്. ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്ന ദിവസത്തിൽ സംഘം പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സംഘം ഭരണസമിതി നിയമാനുസരണം ചെയ്യേണ്ടതുമാണ്. അടിയന്തിര സാഹചര്യങ്ങളിൽ മാത്രമേ അവധി ദിവസം ജീവനക്കാർ ജോലിയിൽ ഹാജരാകുവാൻ പാടുള്ളൂ. ഭരണസമിതി ആയത് ഉറപ്പ് വരുത്തേണ്ടതാണ്. പാൽ സംഭരണം, പരിശോധന, വിപണനം എന്നിവയുമായി ബന്ധപ്പെട്ട ജീവനക്കാർ അവധി ദിവസം ജോലി നിർവ്വഹിക്കേണ്ടി വരുന്നപക്ഷം അവധി വേതനം നൽകാവുന്നതും, അവധി വേതനം അനുവദിക്കുന്നപക്ഷം ആയത് അതാതു മാസം തന്നെ നൽകേണ്ടതുമാണ്.

Signed by
Salini Gopinath
Date: 02-12-2025 17:19:59

**ഡയറക്ടർ/ക്ഷീര സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ്:-
1) പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക്
(അതാത് ജില്ല ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം)
2) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും
4ഡയറക്ടറുടെ മേശപ്പുറത്ത് (അറിവിലേക്കായി)
5) ജോയിന്റ് ഡയറക്ടർ (ജനറൽ)

6) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)

7) DFI ഐ.റ്റി.(സെൽ) വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

8) ഇ3 സീറ്റിന്